**മധുരമായ കുട്ടികളെ - ആത്മാക്കളുടെയും പരമാത്മാവിന്റെയും മിലനം തന്നെയാണ് സത്യം-സത്യമായ സംഗമം അഥവാ കുംഭമേള, ഈ മിലനത്തിലൂടെ നിങ്ങൾ പാവന മാകുന്നു, സ്മരണാർത്ഥം പിന്നീട് ആ മേള ആഘോഷിക്കുന്നു.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഏത് കാര്യത്തിൽ വളരെ-വളരെ സാമർത്ഥ്യം വേണം?
**ഉത്തരം:-** ജ്ഞാനത്തിന്റെ എന്ത് സൂക്ഷ്മ കാര്യങ്ങളുണ്ടോ, അത് മനസ്സിലാക്കി കൊടുക്കുന്നതിന്റെ വളരെ സാമർത്ഥ്യം വേണം. യുക്തിയോടെ ഭക്തി മാർഗ്ഗത്തെയും ജ്ഞാന മാർഗ്ഗത്തെയും വ്യക്തമാക്കണം. ഇതു പോലെ മനസ്സിലാക്കി കൊടുക്കണം ഏതുപോലെയാണോ എലി ഊതുകയും കടിക്കുകയും ചെയ്യുന്നത് അതുപോലെ സേവനത്തിന്റെ യുക്തികൾ രചിക്കണം. കുംഭമേളയിൽ പ്രദർശിനി വെച്ച് അനേക ആത്മാക്കളുടെ മംഗളം ചെയ്യണം. പതിതത്തിൽ നിന്ന് പാവനമാകുന്നതിന്റെ യുക്തി പറഞ്ഞ് കൊടുക്കണം.

**ഗീതം:-** ഈ പാപത്തിന്റെ ലോകത്ത് നിന്ന്. . . . .

**ഓം ശാന്തി.** അച്ഛനിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് പാപത്തിന്റെ ലോകത്തെ കലിയുഗീ, പതിത, ഭ്രഷ്ടാചാരി ലോകമെന്ന് പറയുന്നു അതുപോലെ പിന്നെ പുണ്യത്തിന്റെ ലോകത്തെ സത്യയുഗീ, പാവന, ശ്രേഷ്ഠാചാരി ലോകമെന്ന് പറയുന്നു. പരമാത്മാവ് തന്നെയാണ് വന്ന് പുണ്യാത്മാ, പവിത്ര ആത്മാ അഥവാ പുണ്യത്തിന്റെ ലോകമുണ്ടാക്കുന്നത്. മനുഷ്യർ വിളിക്കുന്നുണ്ട് പതിത പാവനനായ ബാബയെ, എന്തുകൊണ്ടെന്നാൽ സ്വയം പാവനമല്ല. അഥവാ പതിത പാവനി ഗംഗയാണ് അല്ലെങ്കിൽ ത്രിവേണിയാണ് എന്നാണ് കരുതുന്നതെങ്കിൽ, പിന്നെന്തിനാണ് വിളിക്കുന്നത് അല്ലയോ പതിത-പാവനാ വരൂ എന്ന്? ഗംഗ അല്ലെങ്കിൽ ത്രിവേണി ഇവിടെ തന്നെയുണ്ട്, അതുണ്ടായിട്ടും വിളിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധി വീണ്ടും പരമാത്മാവിലേക്ക് പോകുന്നു. പരംപിതാ പരമാത്മാ ആരാണോ ജ്ഞാനത്തിന്റെ സാഗരനായിട്ടുള്ളത്, അവർക്കാണ് വരേണ്ടത്. കേവലം ആത്മാവെന്നല്ല പവിത്ര ജീവാത്മാവെന്നാണ് പറയുക. ഇപ്പോൾ പാവന ജീവാത്മാവായി ആരും തന്നെയില്ല. പതിത പാവനനായ ബാബ വരുന്നത് തന്നെ അപ്പോഴാണ് എപ്പോഴാണോ സത്യയുഗീ പാവന ലോകത്തിന്റെ സ്ഥാപന ചെയ്യേണ്ടതും കലിയുഗീ ലോകത്തെ നശിപ്പിക്കേണ്ടതും. തീർച്ചയായും സംഗമയുഗത്തിൽ തന്നെയാണ് വരിക. സംഗമത്തെ കുംഭമെന്നും പറയുന്നു. ത്രിവേണിയുടെ സംഗമമുണ്ട്, അതിന്റെ പേരാണ് കുംഭമെന്ന് വെച്ചിട്ടുള്ളത്. പറയുന്നു മൂന്ന് നദികൾ പരസ്പരം കൂടിച്ചേരുന്നു. വാസ്തവത്തിൽ രണ്ട് നദികളാണുള്ളത്. മൂന്നാമത്തെ നദി ഗുപ്തമാണെന്ന് പറയുന്നു. എങ്കിലെന്താ ഈ കുംഭമേളയിൽ പതിതത്തിൽ നിന്ന് പാവനമാകുമോ? പതിത പാവനന് തീർച്ചയായും വരണം. ജ്ഞാനത്തിന്റെ സാഗരം അതാണ്. പതിത ലോകത്ത പാവനമാക്കുക, കലിയുഗത്തെ സത്യയുഗമാക്കുക- ഇത് പരമാത്മാവിന്റെ മാത്രം കർത്തവ്യമാണ്, അല്ലാതെ മനുഷ്യരുടേതല്ല. ഇവിടെ എല്ലാവരും അന്ധവിശ്വാസത്തിലാണ്. ഇപ്പോൾ അന്ധർക്ക് ഊന്നുവടി വേണം. നിങ്ങൾ ഇപ്പോൾ നമ്പർ വൈസ് പുരുഷാർത്ഥമനുസരിച്ച് ഊന്നുവടിയായിരിക്കുന്നു. ഊന്നുവടികളും പല തരത്തിലുണ്ട്. ചിലത് നൂറ് രൂപയുടേതും ചില വടി രണ്ട് രൂപയ്ക്കും ലഭിക്കും. ഇവിടെയും എല്ലാം നമ്പർവൈസാണ്. ചിലരാണെങ്കിൽ വളരെ സർവ്വീസബിളാണ്. രോഗമുണ്ടാകുമ്പോൾ ഡോക്ടറെ വിളിക്കേണ്ടതായുണ്ട്. ഇപ്പോൾ ഇത് തന്നെയാണ് പതിത ലോകം. നിങ്ങൾ പാവനമായിക്കൊണ്ടിരിക്കുന്നു. പറയാറുണ്ട് ആത്മാവും പരമാത്മാവും വളരെക്കാലം പേർപെട്ടിരുന്നു പിന്നീട് എപ്പോഴാണോ പരം പിതാ പരമാത്മാവ് അനേകം ആത്മാക്കളുടെ ഇടയിലേക്ക് വരുന്നത് അപ്പോൾ അതിനെ പറയുന്നു സംഗമത്തിന്റെ കുംഭമേള.

മനുഷ്യർ കുംഭമേളയിൽ വളരെ ദാനം ചെയ്യാറുണ്ട്. അത് സാധു-സന്യാസിമാർക്കും ഗവൺമെന്റിനും വരുമാനമാകും. ഇവിടെ നിങ്ങൾക്ക് ശരീരം-മനസ്സ്-ധന സഹിതം എല്ലാം ദാനം ചെയ്യേണ്ടതായുണ്ട് പതിത പാവനനായ ബാബയ്ക്ക്. ബാബ പിന്നീട് നിങ്ങളെ ഭാവിയിൽ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. അവർ പേര് പറയുന്നത് ത്രിവേണിയുടെയും, ദാനം ചെയ്യുന്നത് സാധു-സന്യാസിമാർക്കുമാണ്. വാസ്തവത്തിൽ സംഗമമെന്ന് അതിനെയാണ് പറയുക എവിടെയാണോ എല്ലാ നദികളും വന്ന് സാഗരത്തിൽ ചേരുന്നത്. അവിടെയാണെങ്കിൽ സാഗരമൊന്നും ഇല്ല. നദികളാണ് പരസ്പരം ചേരുന്നത്. നദികളുടേയും സാഗരത്തിന്റെയും മിലനത്തെ തന്നെയാണ് സത്യം-സത്യമായ മേളയെന്ന് പറയുന്നത്. എന്നാൽ ഇതും ഡ്രാമയിൽ അടങ്ങിയതാണ്. ഇതിൽ ഗവൺമെന്റിന് ട്രെയിൻ, മോട്ടോർ വാഹനങ്ങൾ, ഭൂമി മുതലായവയിലൂടെ വളരെ ലാഭമുണ്ടാകുന്നു. അതുകൊണ്ട് ഇത് കാശുണ്ടാക്കുന്ന മേളയാകുന്നു. ഈ കാര്യങ്ങളെ നിങ്ങൾ കുട്ടികൾക്ക് വിലയിരുത്താൻ സാധിക്കും എന്തുകൊണ്ടെന്നാൽ നിങ്ങൾ ഈശ്വരീയ മതത്തിലാണ്. അതു

കൊണ്ട് കുംഭമേളയുടെ അർത്ഥം പുറത്ത് കൊണ്ട് വരണം. ബാബ ഇങ്ങനെയുള്ള പദ്ധതി തരികയാണ്. ആരാണോ വിവേകശാലിയായവർ അവർക്ക് ഇത് ഏറ്റെടുക്കണം. എല്ലാവരെക്കാളും നമ്പർ വൺ വിവേകശാലി അത് മമ്മയാണ് രണ്ടാമത് സഞ്ജയനും(ജഗദീശ് ഭായി). അവർക്ക് പിന്നെ വിതരണം ചെയ്യാനായി നോട്ടീസ് ഉണ്ടാക്കേണ്ടതായുണ്ട്. ഈ ത്രിവേണി പതിത പാവനിയല്ല. പതിത പാവനൻ അത് സർവ്വരുടേയും സദ്ഗതി ദാതാവ് ഒരു ശിവബാബയാണ്. ത്രിവേണിയെ സദ്ഗതി ദാതാവെന്ന് പറയില്ല. ഈ നദികൾ ഇവിടെ തന്നെയുണ്ട്. വരേണ്ട കാര്യമില്ല. പാടുന്നു പതിത പാവനാ വരൂ, വന്ന് പാവനമാക്കൂ അതുകൊണ്ട് നോട്ടീസടിക്കണം- സഹോദരൻമാരെ-സഹോദരിമാരെ, എന്താ പതിത പാവനൻ ജ്ഞാന സാഗരനായ പരംപിതാ പരമാത്മാവോ അതോ നദികളോ? ഇവയാണെങ്കിൽ സദാ തന്നെയുണ്ട്. പരമാത്മാവിനെയാണെങ്കിൽ വരുന്നതിന് വേണ്ടി വിളിക്കുന്നു. വാസ്തവത്തിൽ പതിത പാവനൻ ഒരു പരമാത്മാവാണ്, ആത്മാക്കളും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു. . . . ആ സദ്ഗുരു വന്ന് എല്ലാവരേയും സദ്ഗതിയിലേക്ക് തിരിച്ച് കൊണ്ട് പോകുന്നു. ജ്ഞാന സ്നാനം വാസ്തവത്തിൽ പരംപിതാ പരമാത്മാവിൽ നിന്ന് ചെയ്യണം. പാവന ലോകത്തിന്റെ സ്ഥാപന പരംപിതാ പരമാത്മാവാണ് ചെയ്യിക്കുന്നത്. നിങ്ങൾ അവരെ അറിയുന്നില്ല. ഭാരതം എപ്പോഴായിരുന്നോ ശ്രേഷ്ഠാചാരിയായിരുന്നത് അപ്പോൾ അവിടെ ദേഹീ-അഭിമാനി ദേവതകൾ വസിച്ചിരുന്നു. അതിനെ ശിവാലയമെന്ന് പറയുന്നു. ഇപ്പോൾ കുംഭമേളയിൽ പോയി കുട്ടികൾക്ക് പ്രദർശിനി വെയ്ക്കണം മനസ്സിലാക്കികൊടുക്കാനായി. മനസ്സിലാക്കി കൊടുക്കണം പതിത പാവൻ ഒരു ബാബയാണ്, ബാബ പറയുകയാണ് ഞാൻ വരുന്നത് തന്നെ അപ്പോഴാണ് എപ്പോഴാണോ പതിതത്തിൽ നിന്ന് പാവനമാക്കേണ്ടതായുള്ളത്. അതുകൊണ്ട് പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. രക്ഷാബന്ധനം ഭഗവാനോട് സംബന്ധം വെയ്ക്കുന്നതാണ്, അല്ലാതെ സന്യാസിമാരോടല്ല. പ്രതിജ്ഞ പരമാത്മാവിനോടാണ് ചെയ്യുന്നത്, അല്ലാതെ ത്രിവേണിയോടല്ല. അല്ലയോ ബാബ, ഞങ്ങൾ അങ്ങയുടെ ശ്രീമത്തിലൂടെ പാവനമാകുന്നതിന് വേണ്ടി പ്രതിജ്ഞ ചെയ്യുന്നു. ബാബയും പറയുന്നു ഞാൻ നിങ്ങളെ പാവന ലോകത്തിന്റെ അധികാരിയാക്കും. ഇതാണ് ബാബയുടെ സൂചന. ഇതിൽ വളരെ തീവ്രമായി സേവനം ചെയ്യുന്നവർ വേണം. ചിത്രവും കൂടുതൽ ഉണ്ടാക്കേണ്ടതായുണ്ട്. ഇതിന് വേണ്ടി നല്ല മണ്ഡപം എടുക്കേണ്ടതായുണ്ട്. നിങ്ങൾക്ക് വളരെ ശത്രുക്കളും ഉണ്ടാകും, ചിലപ്പോൾ തീയിടാൻ പോലും മടിക്കില്ല. ആർക്കെങ്കിലും പ്രശ്നമുണ്ടാക്കണമെന്നുണ്ടെങ്കിൽ അവർ ചീത്ത പറയാൻ തുടങ്ങുന്നു. നിങ്ങൾക്ക് നിരഹങ്കാരിയായി ശാന്തമായിരിക്കണം. ബ്രഹ്മകുമാരിമാരാണെങ്കിൽ പ്രസിദ്ധമായിരിക്കുന്നു. നോട്ടീസ് മുതലായവ തീർച്ചയായും വിതരണം ചെയ്യണം. കുംഭമേളയ്ക്ക് വിശേഷിച്ചും മഹത്വം കൊടുക്കുന്നുണ്ട്. വാസ്തവത്തിൽ മഹത്വം ഇപ്പോഴത്തേതാണ്, ഇതും ഡ്രാമയുടെ കളിയാണ്. അവിടെ നിന്നും ആരുടെയെങ്കിലും മംഗളം ഉണ്ടാകും. എന്നാൽ പരിശ്രമമുണ്ട്. മുള്ളുകളെ പുഷ്പമാക്കുന്നതിൽ പരിശ്രമമുണ്ട്. കുംഭമേളയിൽ പ്രദർശിനി നടത്തുന്നതിൽ ധൈര്യം വേണം, ഒരു വിഘ്നവും ഉണ്ടാകാതിരിക്കാൻ അറിവും-തിരിച്ചറിവും വേണം. നിങ്ങൾക്ക് തെളിയിക്കണം പതിത പാവൻ ആരാണ്? മനുഷ്യർ പാവന ലോകമായ സ്വർഗ്ഗത്തെ ഓർമ്മിക്കുന്നുമുണ്ട്. ആരെങ്കിലും മരിക്കുകയാണെങ്കിൽ പറയുന്നു ഇന്ന ആൾ സ്വർഗ്ഗവാസിയായി. അവിടെയാണെങ്കിൽ വളരെ സാധനസാമഗ്രികളുണ്ട്, അവിടെ നിന്ന് വീണ്ടും ഇവിടേക്ക് വിളിച്ച് കഴിപ്പിക്കുന്നതെന്തിനാണ്? നിങ്ങൾക്ക് ശ്രീനാഥന്റെ ക്ഷേത്രത്തിൽ കാണാം – എത്ര വിഭവങ്ങളാണ് ഉണ്ടാക്കുന്നത്. ഇപ്പോൾ ശ്രീനാഥപുരിയും ജഗന്നാഥ പുരിയും വാസ്തവത്തിൽ ഒരേ കാര്യം തന്നെയാണ് എന്നാൽ അവിടെ ശ്രീനാഥന്റെ ക്ഷേത്രത്തിൽ നോക്കുകയാണെങ്കിൽ വളരെ വിഭവങ്ങൾ ഉണ്ടാക്കുന്നുണ്ട് അതേസമയം ജഗന്നാഥ ക്ഷേത്രത്തിൽ കേവലം സാധാരണ അരിയുടെ പ്രസാദം മാത്രമാണ് വെയ്ക്കുന്നത്. നെയ്യ് മുതലായവ ഒന്നുമില്ല. ഇതിന്റെ വ്യത്യാസം പറയുകയാണ്- വെളുത്തതാണെങ്കിൽ ഇങ്ങനെയുള്ള വിഭവങ്ങളും കറുത്തതാണെങ്കിൽ ഈ ഉണങ്ങിയ അരിയും. വളരെ വലിയ രഹസ്യമാണ്. ഇത് ബാബയിരുന്ന് മനസ്സിലാക്കി തരികയാണ്. ശ്രീനാഥ ക്ഷേത്രത്തിൽ ഇത്രയും പ്രസാദം വെയ്ക്കുന്നുണ്ടെങ്കിൽ പൂജാരിമാർ പിന്നീട് കടകളിൽ വിൽക്കുന്നുമുണ്ട്. അവരുടെ സമ്പാദ്യത്തിന്റെ ആധാരവും അതിലാണ്. കിട്ടുന്നത് സൗജന്യമായാണ് പിന്നീട് സമ്പാദിക്കുന്നു. അപ്പോൾ നോക്കൂ എത്ര അന്ധവിശ്വാസത്തിന്റെ കാര്യങ്ങളാണ്. ഇതാണ് ഭക്തി മാർഗ്ഗം. ജ്ഞാന മാർഗ്ഗം സദ്ഗതിയുടെ മാർഗ്ഗമാണ്, ഗംഗാസ്നാനത്തിലൂടെ സദ്ഗതി ഉണ്ടാകില്ല. വളരെ യുക്തിയോടെ മനസ്സിലാക്കി കൊടുക്കണം, ഏതുപോലെയാണോ എലി ഊതുകയും കടിക്കുകയും ചെയ്യുന്നത്. വളരെ സാമർത്ഥ്യം തന്നെ വേണം മനസ്സിലാക്കാനും പിന്നീട് മനസ്സിലാക്കി കൊടുക്കാനും. എത്ര സൂക്ഷ്മമായ കാര്യങ്ങളാണ്. മനുഷ്യർ പറയുന്നുണ്ട് ഹേ, പരമപിതാ പരമാത്മാവേ അങ്ങയുടെ ഗതിയും മതവും അങ്ങേയ്ക്കു മാത്രമേ അറിയൂ. ഇതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. അങ്ങയുടെ ശ്രീമത്തിലൂടെ എന്ത് സദ്ഗതിയാണോ ലഭിക്കുന്നത് അത് അങ്ങേയ്ക്ക് മാത്രമേ ചെയ്യാൻ സാധിക്കൂ വേറെ ആർക്കും ചെയ്യാൻ സാധിക്കില്ല. സർവ്വരുടെയും സദ്ഗതി ദാതാവ് ഒരാളാണ്. സർവ്വം എന്ന അക്ഷരം തീർച്ചയായും ചേർക്കണം. വളരെയധികം മനസ്സിലാക്കിതരുന്നുണ്ട്. എന്നാൽ മനസ്സിലാക്കി വളരെ കുറച്ച് പേരേ വരുന്നുള്ളൂ. പ്രജകൾ വളരെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

മനുഷ്യർ ഈശ്വരന്റെ നാമത്തിൽ വളരെ ദാന-പുണ്യം ചെയ്യുകയാണെങ്കിൽ ഒരു ജന്മത്തേക്ക് ഫലം ലഭിക്കുന്നു. ഈശ്വരാർത്ഥം ദാനം ചെയ്യുന്നതിലൂടെ ശക്തി ലഭിക്കുന്നു. അവർ ആ ഈശ്വരനെ അറിയുന്നില്ലെങ്കിൽ ശക്തിയും ഉണ്ടായിരിക്കില്ല. ഹിന്ദുക്കൾക്ക് ഗുരു-ഗോസായിമാർ അനേകമുണ്ട്. ക്രിസ്ത്യാനികളുടെത് നോക്കുകയാണെങ്കിൽ ഒന്നാണ്. ഒന്നിന് എത്ര ആദരവാണ്. ധർമ്മം ശക്തിയാണെന്ന് പറയാറുണ്ട്. ഇപ്പോൾ നിങ്ങൾ ധർമ്മത്തെ മനസ്സിലാക്കി അപ്പോൾ എത്ര ശക്തിയാണ് ലഭിക്കുന്നത്. ബാബ പറയുന്നു- കുട്ടികളെ, എല്ലാവർക്കും ഈ വശീകരണ മന്ത്രം നൽകൂ. കുട്ടികളോട് ബാബ പറയുന്നു - നിങ്ങൾ എവിടെ നിന്നാണോ വന്നത് അവരെ ഓർമ്മിക്കുകയാണെങ്കിൽ അന്തിമ മനം എങ്ങനെയോ അതുപോലെ ശ്രേഷ്ഠമാകും. ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമാണ് പാവനമാകാൻ സാധിക്കുന്നത്, പാപം ഭസ്മമാകുന്നത്. ബാബയെയും സമ്പത്തിനെയും ഓർമ്മിക്കണം, അതിലൂടെ മുഴുവൻ ചക്രവും ബുദ്ധിയിൽ വരുന്നു. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും ദേഹത്തിന്റെ സർവ്വ സംബന്ധത്തിൽ നിന്നും ബുദ്ധിയെ വേർപെടുത്തി ബാബയോടൊപ്പം ചേർക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. പിന്നീട് അന്തിമത്തിലും അതേ ഓർമ്മ വരണം. മറ്റാരുടെയെങ്കിലും ഓർമ്മ വരികയാണെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും പദവിയും കുറയും. അതുകൊണ്ട് വാസ്തവത്തിൽ കുംഭമെന്ന് പറയുന്നത് കല്പത്തിന്റെ സംഗമത്തെയാണ്, എപ്പോഴാണോ ആത്മാക്കളും പരമാത്മാവും കണ്ടുമുട്ടുന്നത്. പരമാത്മാവ് തന്നെയാണ് വന്ന് രാജയോഗം പഠിപ്പിക്കുന്നത്. ബാബ പുനർജന്മ രഹിതനാണ്. എന്നാൽ കുട്ടികൾ പോലും മനസ്സിലാക്കുന്നില്ല. ശ്രീമത്തിലൂടെ നടക്കുന്നില്ലെങ്കിൽ തോണി എങ്ങനെ അക്കരെയെത്തും? തോണി അക്കരെയെത്തുകയെന്നാൽ രാജ പദവി നേടുക. ശ്രീമത്തിലൂടെ മാത്രമാണ് രാജ്യ പദവി ലഭിക്കുന്നത്. ശ്രീമത്തിലൂടെ നടക്കുന്നില്ലെങ്കിൽ അവസാനം നശിച്ചു പോകുന്നു. കൂടെ ആ പ്രിയതമകളാണ് വരിക ആരുടെ ദീപമാണോ തെളിഞ്ഞിരിക്കുന്നത്. ആരുടെ ദീപമാണോ അണഞ്ഞിരിക്കുന്നത് അവർ ഒരിക്കലും കൂടെ വരില്ല. അനന്യരായ കുട്ടികൾ തന്നെയാണ് പോകുക. ബാക്കി നമ്പർ അനുസരിച്ച് പിറകെവരും എന്നാൽ പവിത്രമായി എല്ലാവരും മാറും. എല്ലാ ആത്മാക്കളും ഒരുപോലെ ശക്തിയുള്ളവരാകില്ല. ഓരോ ആത്മാവിന്റെയും പാർട്ട് അവരവരുടേതാണ്. ഒരുപോലെ പദവി ലഭിക്കുകയില്ല. അന്തിമത്തിൽ എല്ലാവരുടെയും പാർട്ട് വ്യക്തമാകും. വൃക്ഷം എത്ര വലുതാണ്, എത്ര മനുഷ്യരാണ്! മുഖ്യമായുള്ള ഏതെല്ലാം ചില്ലകളും ശാഖകളുമാണോ അത് കാണാൻ കഴിയും. മുഖ്യമായുള്ളത് ഫൗണ്ടേഷനാണ്, ബാക്കി എല്ലാം പിന്നീട് വരുന്നതാണ്, അതിൽ ശക്തി കുറവായിരിക്കും. സ്വർഗ്ഗത്തിലേക്ക് എല്ലാവർക്കും വരാൻ സാധിക്കില്ല. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗമായിരുന്നത്. ഭാരതത്തിന് പകരം ജപ്പാൻ ഖണ്ഡം സ്വർഗ്ഗമാകുമെന്നല്ല. ഇങ്ങനെ സംഭവിക്കുകയില്ല. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## രാത്രി ക്ലാസ്സ്- 24-4-68

കുട്ടികൾക്ക് മനസ്സിലാക്കിതന്നിട്ടുണ്ട് മറ്റ് ധർമ്മ സ്ഥാപകർക്കാർക്കും എല്ലാവരുടെയും മംഗളം ചെയ്യാൻ സാധിക്കില്ല. അവർ വരുന്നു എല്ലാവരെയും കൊണ്ട് വരുന്നു. ആരാണോ മുക്തമാക്കി വഴികാണിക്കുന്നത് അവർക്ക് മാത്രമാണ് മഹിമയുള്ളത്. അവർ ഭാരതത്തിൽ തന്നെയാണ് വരുന്നത്. അതുകൊണ്ട് ഭാരതം ഏറ്റവും ഉയർന്ന ദേശമായി. ഭാരതത്തിന്റെ വളരെ മഹിമ ചെയ്യണം. ബാബ തന്നെയാണ് വന്ന് സർവ്വരുടെയും സദ്ഗതി ചെയ്യുന്നത്, അപ്പോൾ മാത്രമാണ് ശാന്തി ഉണ്ടാകുന്നത്. വിശ്വത്തിൽ ശാന്തി ഉണ്ടായിരുന്നു സൃഷ്ടിയുടെ ആദിയിൽ, ഭാരതത്തിൽ ഒരു ധർമ്മമായിരുന്നു. ഇപ്പോൾ അനേക ധർമ്മമുണ്ട്. ബാബ തന്നെയാണ് വന്ന് ശാന്തി സ്ഥാപിക്കുന്നത്. കൽപം മുൻപത്തേത് പോലെ ചെയ്യുന്നു. നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം ലഭിച്ചതുകൊണ്ട് വിചാര സാഗര മഥനം നടക്കുന്നു. മറ്റാരുടേയും നടക്കുന്നതേയില്ല. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ദേഹ-അഭിമാനം കാരണം ദേഹത്തെ തന്നെ പൂജിക്കുന്നു. ആത്മാവ് പുനർജൻമം അത് ഇവിടെ തന്നെയല്ലേ എടുക്കുക. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് - പാവനമായിട്ടുള്ളത് ഒന്ന് മാത്രമാണ്. ബാബ തന്നെയാണ് ഗുപ്ത ജ്ഞാനം നൽകുന്നത് അതിലൂടെ സർവ്വരുടെയും സദ്ഗതി ഉണ്ടാകുന്നു. ബാക്കി ഹനുമാൻ, ഗണേശൻ മുതലായവരെ പോലെ ആരും ഉണ്ടാകുക തന്നെയില്ല. ഇവരെല്ലാവരെയും പറയുന്നത് പൂജാരി എന്നാണ്. ശരി!

ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെയും ദാദയുടെയും സ്നേഹ സ്മരണകളും ശുഭ രാത്രിയും. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി സർവ്വ സംബന്ധത്തിൽ നിന്നും ബുദ്ധിയോഗം വേർപെടുത്തി ഒരു ബാബയോട് ചേർക്കണം. അന്തിമ സമയത്തിൽ ബാബയല്ലാതെ മറ്റാരെയും ഓർമ്മ വരരുത്.

2. നിരഹങ്കാരിയായി ശാന്തിയിലിരുന്ന് മുള്ളുകളെ പുഷ്പമാക്കുന്നതിനുള്ള പരിശ്രമം ചെയ്യണം. ശ്രീമത്തനുസരിച്ച് അന്ധരുടെ ഊന്നു വടിയാകണം. പാവനമായി പാവനമാക്കി മാറ്റണം

## വരദാനം:-സമർത്ഥ സങ്കൽപങ്ങളിലൂടെ സമ്പാദ്യത്തിന്റെ കണക്ക് വർദ്ധിപ്പിക്കുന്ന ഹോളീഹംസമായി ഭവിക്കട്ടെ.

ഹംസം കല്ലുകളും രത്നങ്ങളും വേർതിരിച്ചെടുക്കുന്നത് പോലെ താങ്കൾ ഹോളീഹംസങ്ങൾ അതായത് സമർത്ഥത്തെയും വ്യർത്ഥത്തെയും തിരിച്ചറിയുന്നവരാണ്. ഹംസം ഒരിക്കലും കല്ലുകൾ കൊത്തിയെടുക്കില്ല, കൊത്തിപ്പെറുക്കി വേണ്ടാത്തതിനെ ഉപേക്ഷിക്കുന്നു, സ്വീകരിക്കില്ല. അതേപോലെ താങ്കൾ ഹോളീഹംസങ്ങൾ വ്യർത്ഥത്തെ ഉപേക്ഷിച്ച് സമർത്ഥ സങ്കൽപ്പങ്ങളെ ധാരണ ചെയ്യുന്നു. വ്യർത്ഥം വളരെക്കാലം കേട്ടു, പറഞ്ഞു, ചെയ്തു പക്ഷെ അതിന്റെ പരിണാമത്തിൽ എല്ലാം തന്നെ നഷ്ടപ്പെടുത്തി. ഇപ്പോൾ നഷ്ടപ്പെടുത്തുന്നവരല്ല, സമ്പാദ്യത്തിന്റെ കണക്ക് വർദ്ധിപ്പിക്കുന്നവരാകൂ.

## സ്ലോഗൻ:- സ്വയത്തെ ഈശ്വരീയ മര്യാദകളുടെ കങ്കണത്തിൽ ബന്ധിക്കൂ എങ്കിൽ സർവ്വ ബന്ധനങ്ങളും സമാപ്തമാകും.